**കേരള സർക്കാർ**

സംഗ്രഹം

തദ്ദേശസ്വയംഭരണവകുപ്പ് - എരഞ്ഞോളി ഗ്രാമപഞ്ചായത്തിലെ 250 ഗുണഭോക്താക്കൾക്ക് റിങ് കമ്പോസ്റ്റ് യൂണിറ്റ് വിതരണം ചെയ്തുകൊണ്ട് 2017-18 വർഷം സ്പിൽ ഓവറായി എരഞ്ഞോളി ഗ്രാമ പഞ്ചായത്ത് നടപ്പിലാക്കിയ പദ്ധതിക്ക് (പ്രോ.നം.76) 2016-17 ലെ പദ്ധതി മാർഗ്ഗനിർദ്ദേശത്തിലെ സബ്സിഡി മാനദണ്ഡ പ്രകാരം ശുചിത്വ മിഷൻ വിഹിതം അനുവദിച്ചു നൽകുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

**തദ്ദേശസ്വയംഭരണ (ഡി.സി) വകുപ്പ്**

സ.ഉ.(സാധാ)നം.2575/2018/തസ്വഭവ തിരുവനന്തപുരം, തീയതി 07.10.2018

പരാമർശം :- എരഞ്ഞോളി ഗ്രാമപഞ്ചായത്ത് പ്രസിഡന്റിന്റെ 04.09.2018 ലെ കത്ത്

2016-2017 ലെ വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി റിങ് കമ്പോസ്റ്റ് പദ്ധതി നടപ്പിലാക്കുന്നതിന് എരഞ്ഞോളി ഗ്രാമപഞ്ചായത്തിന് ശുചിത്വ മിഷൻ സാങ്കേതിക അനുമതി നൽകിയിരുന്നു (പ്രോ.നം 17). തുടർന്ന് 2017 ജൂൺ മാസം ഇ- ടെണ്ടർ വഴി സൂര്യ ഡിസ്ട്രിബ്യൂട്ടേഴ്സ് എന്ന സ്ഥാപനത്തിന് ടെണ്ടർ നൽകുകയും ഗുണഭോക്തൃ വിഹിതം ലഭിച്ചതിന്റെ അടിസ്ഥാനത്തിൽ 250 ഗുണഭോക്താക്കൾക്ക് റിങ് കമ്പോസ്റ്റ് യൂണിറ്റ് വിതരണം ചെയ്തുകൊണ്ട് 2017-2018 സാമ്പത്തിക വർഷം സ്പിൽ ഓവർ ആയി എരഞ്ഞോളി ഗ്രാമപഞ്ചായത്ത് പദ്ധതി നടപ്പിലാക്കുകയും (പ്രോ. 76) ഗുണഭോക്തൃ വിഹിതവും പ്ലാൻ ഫണ്ട് വിഹിതവും ചേർത്ത് ആകെ 271975/-രൂപ പഞ്ചായത്ത് സൂര്യ ഡിസ്ട്രിബ്യൂട്ടേഴ്സിന് നൽകുകയും ചെയ്തു.

2) 2016-2017 ലെ പദ്ധതി മാർഗ്ഗരേഖയുടെ അടിസ്ഥാനത്തിൽ പരമാവധി സർക്കാർ സബ്സിഡി 90% ആയിരുന്നു (ശുചിത്വ മിഷൻ വിഹിതം 75 %, തദ്ദേശ സ്ഥാപന വിഹിതം 15%). ആയതിന്റെ അടിസ്ഥാനത്തിലാണ് 2017-'18 വർഷം സ്പിൽ ഓവറായി പഞ്ചായത്ത് പദ്ധതി നടപ്പിലാക്കിയത് എന്നും എന്നാൽ 2017-2018 ലെ പദ്ധതി മാർഗ്ഗരേഖയുടെ അടിസ്ഥാനത്തിൽ ശുചിത്വ മിഷൻ വിഹിതവും തദ്ദേശ സ്ഥാപന വിഹിതവും ചേർത്ത് പരമാവധി സർക്കാർ സബ്സിഡി 50% ആയി നിശ്ചയിച്ചിട്ടുള്ളതിനാൽ ഇതിന്റെ അടിസ്ഥാനത്തിൽ മാത്രമേ 2017-'18 വർഷം നടപ്പിലാക്കിയ പദ്ധതിക്ക് സബ്സിഡി അനുവദിക്കുകയുള്ളു എന്നും, എന്നാൽ ഇക്കാര്യത്തിൽ സർക്കാർ സാധൂകരണം നൽകുകയാണ് എങ്കിൽ 2016-'17 ലെ സബ്സിഡി മാർഗ്ഗരേഖയുടെ അടിസ്ഥാനത്തിൽ സബ്സിഡി നൽകാവുന്നതാണ് എന്നും ശുചിത്വ മിഷൻ

അറിയിച്ചിട്ടുള്ള സാഹചര്യത്തിൽ പഞ്ചായത്തിന്റെ നടപടിക്ക് സാധൂകരണം നൽകണമെന്ന് എരഞ്ഞോളി പഞ്ചായത്ത് പ്രസിഡന്റ് പരാമർശ കത്ത് പ്രകാരം ആവശ്യപ്പെട്ടിരുന്നു.

3) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. എരഞ്ഞോളി ഗ്രാമപഞ്ചായത്തിലെ 250 ഗുണഭോക്താക്കൾക്ക് റിങ് കമ്പോസ്റ്റ് യൂണിറ്റ് വിതരണം ചെയ്തുകൊണ്ട് 2017- '18 വർഷം സ്പിൽ ഓവറായി എരഞ്ഞോളി ഗ്രാമ പഞ്ചായത്ത് നടപ്പിലാക്കിയ പദ്ധതിക്ക് (പ്രോ.നം.76) ഗുണഭോക്താക്കളെ തെരഞ്ഞെടുത്തത് 2016- '17 ൽ ആയതിനാൽ പ്രസ്തുത പദ്ധതിക്ക് 2016- '17 ലെ പദ്ധതി മാർഗ്ഗനിർദ്ദേശത്തിലെ സബ്സിഡി മാനദണ്ഡ പ്രകാരം ശുചിത്വ മിഷൻ വിഹിതം അനുവദിച്ചു നൽകുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻപ്രകാരം)

**മിനിമോൾ ഡി**

**ഡെപ്യൂട്ടി സെക്രട്ടറി**

പ്രസിഡന്റ്/ സെക്രട്ടറി, എരഞ്ഞോളി ഗ്രാമപഞ്ചായത്ത്, കണ്ണൂർ
പഞ്ചായത്ത് ഡയറക്ടർ
എക്സിക്യൂട്ടീവ് ഡയറക്ടർ, ശുചിത്വ മിഷൻ
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/എ&ഇ) കേരള, തിരുവനന്തപുരം
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ
ഡയറക്ടർ, ഐ&പി.ആർ.ഡി/ വെബ് & ന്യൂ മീഡിയ
കരുതൽ ഫയൽ/ ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ